പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3366 — 22.08.2017-ൽ മറുപടിയ്ക്ക്

## കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ നടപ്പിലാക്കുന്ന കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതി ഏത് ഘട്ടത്തിലാണ്; | (എ) | പദ്ധതിയുടെ ജനറൽ കൺസൾറ്റന്റായി M/s. AECOM Consortium-ത്തെ നിയമിച്ചു കഴിഞ്ഞു. പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിയ്ക്കു വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. ഹൈഡ്രോഗ്രാഫിക് സർവ്വേ പുരോഗമിച്ചു വരുന്നു. ടെർമിനൽ കെട്ടിടങ്ങളുടെ സമ്പ്രദായ (Schematic) ലേ ഔട്ടുകൾ, അതിനൂതനമായ ബോട്ടുകൾക്കു വേണ്ടിയുള്ള ഡിസൈനുകൾ എന്നിവ ജനറൽ കൺസൾട്ടന്റ് പൂർത്തിയാക്കി വരികയാണ്. |
| (ബി) | ഇതിനായി ജർമ്മൻ ധനകാര്യ സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതിയ്ക്കു വേണ്ടി ജർമ്മൻ ധനകാര്യ സ്ഥാപനമായ KfW-ൽ നിന്ന് 85 ദശലക്ഷം യൂറോ (579.71 കോടി രൂപ) വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പു വച്ചു കഴിഞ്ഞു. ഇതിൽ നിന്നും 4.68 കോടി രൂപയോളം ലഭിച്ചിട്ടുണ്ട്. |
| (സി) | കൊച്ചിയുടെ ടൂറിസം വികസനത്തിന് ഈ പദ്ധതി എത്രമാത്രം സഹായകമാകും എന്ന് വിശദീകരിക്കുമോ? | (സി) | കൊച്ചി ദ്വീപസമൂഹങ്ങളെയും, കൊച്ചി നഗരത്തേയും, പ്രാന്തപ്രദേശങ്ങളേയും ബന്ധിപ്പിക്കുവാനുതകുന്ന വിധത്തിലാണ് സംയോജിത ജലഗതാഗത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൊച്ചി കായലിലെ ദ്വീപുകളിൽ താമസിക്കുന്ന ജനങ്ങൾക്ക് വൻകരയിലേക്കുള്ള യാത്രാസൗകര്യം മെച്ചപ്പെടുത്തുകയും അങ്ങനെ അവരുടെ ജീവിത മാർഗ്ഗങ്ങൾ വികസിപ്പിക്കുകയും സാമ്പത്തിക നില മെച്ചപ്പെടുത്തുകയും ചെയ്യുക വഴി ഒരു വിപ്ലവകരമായ പുരോഗതിയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. അതോടൊപ്പം ഈ ദ്വീപുകളിലുള്ള ദൃശ്യമനോഹരമായ വിനോദസഞ്ചാര കേന്ദ്രങ്ങളെ |

| | | | |
|---|---|---|---|
| | | | ബന്ധിപ്പിക്കുന്നതിന് കൊച്ചി മെട്രോയുടെ ജലഗതാഗത പദ്ധതി വളരെയേറെ ഫലപ്രദമായി പ്രയോജനപ്പെടുത്താനാകും. ആഭ്യന്തര/വിദേശ വിനോദസഞ്ചാരികൾക്ക് ഈ ദ്വീപസമൂഹത്തിലെ പ്രകൃതിഭംഗി അതിന്റെ തനിമയോടെ അനുഭവിച്ചാസ്വദിക്കുന്നതിന് ജലഗതാഗത പദ്ധതിയിൽ വിഭാവനം ചെയ്യുന്ന സുരക്ഷിതവും, നൂതനവും, വിശ്വസനീയവുമായ ജലയാനങ്ങൾ ഏറെ സഹായകരമാകുമെന്നും അങ്ങനെ ഈ പദ്ധതി വിനോദസഞ്ചാര വികസനത്തിന് സഹായകരമാകുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ